## മധുരമായ കുട്ടികളേ, നിങ്ങൾ ഇപ്പോൾ ഈശ്വരീയ സേവനത്തിലാണ്, നിങ്ങൾ എല്ലാവർക്കും സുഖത്തിന്റെ വഴി പറഞ്ഞു കൊടുക്കണം, സ്കോളർഷിപ്പ് നേടാനുള്ള പുരുഷാർത്ഥം ചെയ്യണം.

**ചോദ്യം** – നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ജ്ഞാനത്തിന്റെ നല്ല ധാരണയുണ്ടാകുമ്പോൾ ഏതൊരു ഭയം ഇല്ലാതാകും?

**ഉത്തരം** – ഭക്തിയിൽ ഭയമുണ്ടാകും അതായത് ഗുരു എനിക്ക് ശാപം തരരുത്, ഈ ഭയം ജ്ഞാനത്തിൽ വരുന്നതിലൂടെ, ജ്ഞാനത്തിന്റെ ധാരണയിലൂടെ ഇല്ലാതാകും, എന്തുകൊണ്ടെന്നാൽ ജ്ഞാന മാർഗ്ഗത്തിൽ ആർക്കും ശാപം തരാൻ കഴിയില്ല. ശാപം തരുന്നത് രാവണനാണ്, ബാബ സമ്പത്തും തരുന്നു. ചെപ്പടി വിദ്യകൾ പഠിക്കുന്നവർ ഇങ്ങനെ ബുദ്ധിമുട്ടിക്കുന്നതും, ദുഖം തരുന്നതുമായ കർമ്മങ്ങൾ ചെയ്യും, ജ്ഞാന മാർഗ്ഗത്തിലാണെങ്കിൽ നിങ്ങൾ കുട്ടികൾ എല്ലാവർക്കും സുഖമാണ് കൊടുക്കുന്നത്.

**ഓം ശാന്തി**. മധുരമധുരമായ ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛൻ ഇരുന്ന് മനസ്സിലാക്കി തരുകയാണ്. നിങ്ങൾ എല്ലാവരും ആത്മാക്കളാണ് ആദ്യം ഈ പക്കാ നിശ്ചയമാണ് വേണ്ടത്. കുട്ടികൾക്കറിയാം നമ്മൾ ആത്മാക്കൾ പരംധാമത്തിൽ നിന്ന് വന്ന് ശരീരം എടുത്ത് പാർട്ട് അഭിനയിക്കുകയാണ്. ആത്മാവാണ് പാർട്ട് അഭിനയിക്കുന്നത്. പാർട്ട് അഭിനയിക്കുന്നത് ശരീരമാണ് എന്നാണ് മനുഷ്യർ മനസ്സിലാക്കുന്നത്. ഇതാണ് ഏറ്റവും വലിയ തെറ്റ്. ഈ കാരണത്താലാണ് ആരും ആത്മാവിനെ അറിയാത്തത്. ഈ വരുന്നതിന്റെയും പോകുന്നതിന്റെയും കളിയിൽ നമ്മൾ ആത്മാക്കൾ വരുകയും പോവുകയും ചെയ്യുന്നു – ഈ കാര്യമെല്ലാം മറക്കുകയാണ് അതുകൊണ്ടാണ് ബാബയ്ക്ക് തന്നെ വന്ന് നിങ്ങളെ ആത്മാഭിമാനിയാക്കി മാറ്റേണ്ടി വരുന്നത്. ഈ കാര്യവും ആർക്കും അറിയില്ല. ആത്മാവ് എങ്ങനെയാണ് പാർട്ട് അഭിനയിക്കുന്നത് ഇത് മനസ്സിലാക്കി തരുന്നത് ബാബയാണ്. കൂടിയത് 84 ജന്മങ്ങളും കുറഞ്ഞത് ഒന്നോ രണ്ടോ ജന്മമെങ്കിലും എടുക്കും. ആത്മാവിന് പുനർജന്മം എടുത്തുകൊണ്ടിരിക്കണം. ഇതിലൂടെ തെളിയിക്കപ്പെടുകയാണ് ആർക്കാണോ കൂടുതൽ ജന്മങ്ങൾ ഉള്ളത് അവർ കൂടുതൽ പുനർജന്മങ്ങൾ എടുക്കും. കുറച്ച് ജന്മങ്ങൾ ഉള്ളവർക്ക് പുനർജന്മങ്ങളും കുറവായിരിക്കും. ഏതുപോലെയാണോ ചിലർക്ക് നാടകത്തിൽ ആദ്യം മുതൽ അവസാനം വരെ പാർട്ട് ഉണ്ടാകും, ചിലർക്ക് പാർട്ട് കുറച്ചെ ഉണ്ടാകൂ. ഇതൊന്നും മനുഷ്യർക്കറിയില്ല. ആത്മാവിന് സ്വയത്തെ തന്നെ അറിയില്ലെങ്കിൽ പിന്നെ തന്റെ അച്ഛനെ എങ്ങനെ അറിയും. ഇതെല്ലാം ആത്മാവിന്റെ കാര്യങ്ങളാണ്. ബാബ ആത്മാക്കളുടെ അച്ഛനാണ്. കൃഷ്ണൻ ആത്മാക്കളുടെ അച്ഛനൊന്നുമല്ല. കൃഷ്ണനെ നിരാകാരൻ എന്നും പറയില്ല. സാകാരത്തിൽ തന്നെയാണ് കൃഷ്ണൻ എന്നത് തിരിച്ചറിയേണ്ടതാണ്. എല്ലാവരിലും ആത്മാവുണ്ടല്ലോ. ഓരോ ആത്മാവിലും പാർട്ട് അടങ്ങിയിട്ടുണ്ട്. നമ്പർവാർ പുരുഷാർത്ഥം അനുസരിച്ച് മാത്രമെ നിങ്ങൾക്കും മനസ്സിലാക്കി കൊടുക്കാൻ പറ്റു. എങ്ങനെയാണ് നിങ്ങൾ 84 ജന്മങ്ങൾ എടുത്തത് എന്നതും തിരിച്ചറിഞ്ഞു. ആത്മാവ് തന്നെയാണ് പരമാത്മാവ് എന്നൊന്നുമല്ല. ബാബ മനസ്സിലാക്കി തരുകയാണ് നിങ്ങൾ ആദ്യത്തേതു പോലെ വീണ്ടും ദേവതകളായി മാറും. ഇപ്പോൾ പതിതവും തമോപ്രധാനവുമാണ് പിന്നീട് പാവന സതോപ്രധാനമായി മാറണം. എപ്പോഴാണോ സൃഷ്ടി പഴയതാകുന്നത് അപ്പോഴാണ് ബാബ വരുന്നത്. ബാബ വന്ന് പഴയതിനെ പുതിയതാക്കി മാറ്റുന്നു. പുതിയ സൃഷ്ടിയുടെ സ്ഥാപന ചെയ്യുന്നു. പുതിയ ലോകത്തിലുള്ളത് ആദി സനാതന ദേവി ദേവതാധർമ്മമാണ്. ആദ്യം കലിയുഗി ശൂദ്രന്മാരായിരുന്നതും അവരാണ്. ഇപ്പോൾ പ്രജാപിതാ ബ്രഹ്മാവിന്റെ മുഖവംശാവലി ബ്രാഹ്മണരായി മാറിയിരിക്കുന്നു. ബ്രാഹ്മണ കുലത്തിന്റെ രാജധാനിയൊന്നുമില്ല, ഈ സമയത്ത് ഭാരതത്തിൽ ബ്രാഹ്മണ കുലവും രാജ്യം ഭരിക്കുന്നില്ല, ശൂദ്ര കുലവും രാജ്യം ഭരിക്കുന്നില്ല. രണ്ടു പേർക്കും രാജ്യാധികാരമൊന്നും ഇല്ല. എന്നാലും പ്രജ പ്രജയെ ഭരിക്കുന്നുണ്ടല്ലോ. നിങ്ങൾ ബ്രാഹ്മണർക്ക് രാജ്യമൊന്നുമില്ല. നിങ്ങൾ വിദ്യാർത്ഥികൾ പഠിക്കുകയാണ്. ബാബ നിങ്ങൾക്കാണ് മനസ്സിലാക്കി തരുന്നത്. എങ്ങനെയാണ് 84 ജന്മങ്ങളുടെ ചക്രം കറങ്ങുന്നത്. സത്യ,ത്രേതാ.....പിന്നീട് വരുന്നതാണ് സംഗമയുഗം. സത്യയുഗത്തിൽ നിന്നും ത്രേതയിലേക്ക് വരുന്നു, രണ്ട് കല കുറഞ്ഞാൽ അവർക്ക് എന്ത് മഹിമയാണ് പാടുക. അധ:പതിക്കുന്നവരുടെ മഹിമ ആരും പാടില്ല. കലിയുഗത്തെയാണ് പഴയ ലോകം എന്ന് പറയുന്നത്. ഇപ്പോൾ പുതിയ ലോകത്തിന്റെ സ്ഥാപന നടക്കണം, അവിടെ ദേവി ദേവതകളുടെ രാജ്യം ഉണ്ടാകും. അവർ പുരുഷോത്തമരായിരുന്നു. പിന്നെ കല കുറഞ്ഞ് ശൂദ്ര ബുദ്ധികളാകുന്നു. അവരെയാണ് കല്ലുബുദ്ധികൾ എന്ന് പറയുന്നത്. ആരുടെ പൂജയാണോ ചെയ്യുന്നത് അവരുടെ ജീവചരിത്രം പോലും ആർക്കും അറിയില്ല, അങ്ങനെയുള്ള കല്ലുബുദ്ധികളായി തീരും. കുട്ടികൾക്ക് അച്ഛന്റെ ജീവിത കഥ അറിയില്ലെങ്കിൽ സമ്പത്ത് എങ്ങനെ കിട്ടും. ഇപ്പോൾ നിങ്ങൾക്ക് ബാബയുടെ

ജീവിത കഥ അറിയാം. ബാബയിലൂടെയാണ് നിങ്ങൾക്ക് സമ്പത്ത് കിട്ടുന്നത്. പരിധിയില്ലാത്ത ബാബയെ ആണ് നിങ്ങൾ ഓർമ്മിച്ചു കൊണ്ടിരിക്കുന്നത്. അങ്ങ് തന്നെയാണ് മാതാവും പിതാവും എന്ന് പറയാറില്ലേ എങ്കിൽ തീർച്ചയായും ബാബ വരികയും അളവില്ലാത്ത സുഖവും നൽകിയിട്ടുണ്ടാകും. ബാബ പറയുകയാണ് – ഞാൻ വന്നു കഴിഞ്ഞു, നിങ്ങൾ കുട്ടികൾക്ക് അളവില്ലാത്ത സുഖം തരും. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഈ ജ്ഞാനം വളരെ നല്ല രീതീയിൽ നിൽക്കണം, ഇതിലൂടെയാണ് നിങ്ങൾ സ്വദർശനചക്രധാരികളാകുന്നത്. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം കിട്ടി കഴിഞ്ഞു. നിങ്ങൾക്കറിയാം നമ്മൾ വീണ്ടും ദേവതയാവുകയാണ്. ഇപ്പോൾ ശൂദ്രനിൽ നിന്നും ദേവതയായി കഴിഞ്ഞു. കലിയുഗി ബ്രാഹ്മണരും ഉണ്ടല്ലോ. അവർക്കൊരിക്കലും അവരുടെ ധർമ്മം അഥവാ കുലത്തിന്റെ സ്ഥാപന എന്നാണ് നടന്നത് എന്നത് പോലും അറിയില്ല കാരണം അവർ കലിയുഗികളാണ്. നിങ്ങൾ ഇപ്പോൾ നേരിട്ട് പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങളായി അതോടൊപ്പം ഏറ്റവും ഉയർന്നവരുമാണ്. നിങ്ങളെ പഠിപ്പിക്കുന്നതിന്റെയും, സംരക്ഷിക്കുന്നതിന്റെയും, അലങ്കരിക്കുന്നതിന്റെയും സേവനമാണ് ബാബ ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങളും ഈശ്വരീയ സേവനത്തിൽ തന്നെയായിരിക്കണം. ഗോഡ് ഫാദറാണ് പറയുന്നത്–നിങ്ങൾ കുട്ടികളുടെ സേവനത്തിന് വേണ്ടിയാണ് ഞാൻ വന്നിരിക്കുന്നത്. കുട്ടികൾക്ക് സുഖത്തിലേക്കുള്ള വഴി പറഞ്ഞു തരുകയാണ്. ബാബ പറയുകയാണ് ഇപ്പോൾ വീട്ടിലേക്ക് പോകണം. മുക്തി കിട്ടുന്നതിനാണ് ഭക്തർ ഭക്തി ചെയ്യുന്നത്. തീർച്ചയായും ജീവിതം ബന്ധനത്തിലാണ്. എല്ലാ ദുഖത്തിൽ നിന്നും ബാബ നിങ്ങളെ മോചിപ്പിക്കുകയാണ്. അയ്യോ അയ്യോ എന്ന നിലവിളി ഉണ്ടാകും എന്നതും നിങ്ങൾക്കറിയാം. നിലവിളിക്ക് ശേഷമെ ജയാരവം മുഴങ്ങുകയുള്ളു. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിലുണ്ട്– പ്രകൃതി ക്ഷോഭങ്ങൾ വന്നാൽ എത്ര നിലവിളിയായിരിക്കും. യൂറോപ്യന്മാരിൽ യാദവരുമുണ്ട്, ബാബ മനസ്സിലാക്കി തരുന്നു – യൂറോപ്പിലുള്ളവരാണ് യാദവർ. ശാപം കിട്ടുന്നതും ഉദരത്തിൽ നിന്നും ഇരുമ്പിന്റെ ഉലക്ക വരുന്നതെല്ലാം കാണിക്കുന്നുണ്ടല്ലോ. ഇപ്പോൾ അങ്ങനെയുള്ള ശാപത്തിന്റെ കാര്യമൊന്നുമില്ല. ഇത് ഡ്രാമയാണ്. സമ്പത്താണ് ബാബ തരുന്നത്, ശാപം തരുന്നത് രാവണനുമാണ്. ഇത് ഇങ്ങനെയുള്ള കളിയാണ്, ബാക്കി ശാപം തരുന്നതെല്ലാം വേറെ മനുഷ്യരാണ്. അപ്പോൾ ആ ശാപത്തെ ഇല്ലാതാക്കുന്ന ആളും ഉണ്ടാകുമല്ലോ. മനുഷ്യർ ഗുരുക്കൻമാരുടെ അടുത്ത് പോകുമ്പോഴും ഭയക്കാറുണ്ട് അവർ ശപിക്കരുതേ എന്നെല്ലാം. വാസ്തവത്തിൽ ജ്ഞാന മാർഗ്ഗത്തിൽ ആർക്കും ശപിക്കാൻ സാധിക്കില്ല. ജ്ഞാന മാർഗ്ഗത്തിലും ഭക്തി മാർഗ്ഗത്തിലും ശാപത്തിന്റെ കാര്യമൊന്നുമില്ല. ആർക്കാണോ ചെപ്പടി വിദ്യകളെല്ലാം അറിയുന്നത് അവരാണ് ശപിക്കുന്നത്, മനുഷ്യരെ വളരെ ദുഖികളാക്കി മാറ്റും, ധാരാളം പൈസയും സമ്പാദിക്കും. ഭക്തർ ഒരിക്കലും ഈ പണിയൊന്നും ചെയ്യില്ല.

ബാബ ഇതും മനസ്സിലാക്കി തന്നു – സംഗമത്തിന്റെ കൂടെ പുരുഷോത്തമം എന്ന വാക്ക് തീർച്ചയായും എഴുതണം. ത്രിമൂർത്തി അക്ഷരവും പ്രജാപിതാ എന്ന ശബ്ദവും അത്യാവശ്യമാണ് എന്തുകൊണ്ടെന്നാൽ ധാരാളം പേർക്ക് ബ്രഹ്മാവ് എന്ന പേരുണ്ട്. സാകാരത്തിലാണ് പ്രജാപിതാവുള്ളത് എന്നത് ഈ ശബ്ദം എഴുതുന്നതിലൂടെ മനസ്സിലാക്കും. കേവലം ബ്രഹ്മാവ് എന്ന് എഴുതുന്നതിലൂടെ സൂക്ഷ്മവതനവാസിയാണെന്ന് മനസ്സിലാക്കും. ബ്രഹ്മാവ്– വിഷ്ണു–ശങ്കരൻ എന്നിവരെയും ഭഗവാനായിട്ടാണ് കാണുന്നത്. പ്രജാപിതാവ് എന്ന് പറയുന്നതിലൂടെ മനസ്സിലാക്കി കൊടുക്കാൻ കഴിയും– പ്രജാപിതാവ് ഇവിടെയാണ് ഉണ്ടാവുക എന്ന്. സൂക്ഷ്മ വതനത്തിൽ എങ്ങനെയാണ് ഉണ്ടാവുക. കാണിക്കാറുണ്ട് വിഷ്ണുവിന്റെ നാഭിയിൽ നിന്നും ബ്രഹ്മാവ് ഉണ്ടായി എന്നെല്ലാം. നിങ്ങൾ കുട്ടികൾക്ക് ജ്ഞാനം കിട്ടി കഴിഞ്ഞു. നാഭിയുടെ കാര്യമൊന്നും ഇവിടെയില്ല. ബ്രഹ്മാവ് എങ്ങനെ വിഷ്ണുവായി, വിഷ്ണു എങ്ങനെ ബ്രഹ്മാവായി ഈ മുഴുവൻ ചക്രത്തിന്റെ ജ്ഞാനവും നിങ്ങൾക്ക് ഈ ചിത്രത്തിലൂടെ പറഞ്ഞ് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ചിത്രങ്ങളില്ലാതെ മനസ്സിലാക്കി കൊടുക്കാൻ പരിശ്രമമുണ്ട്. ലക്ഷ്മി നാരായണൻ 84 ജന്മങ്ങളുടെ ചക്രം കറങ്ങി വീണ്ടും ബ്രഹ്മാവും സരസ്വതിയാകും. ബാബ ആദ്യം തന്നെ പേരെല്ലാം കൊടുത്തു, ഭട്ടിയിലാണ് പേര് കൊടുത്തത്. പിന്നീട് എത്ര പേർ വിട്ട് പോയി അതുകൊണ്ടാണ് ബ്രാഹ്മണരുടെ മാല ഉണ്ടാക്കാൻ കഴിയില്ല എന്ന് പറയുന്നത് എന്തുകൊണ്ടെന്നാൽ ബ്രാഹ്മണർ പുരുഷാർത്ഥികളാണ്. ചിലപ്പോൾ മുകളിൽ, ചിലപ്പോൾ താഴെയായിരിക്കും. ഗ്രഹപ്പിഴയുണ്ട്. ബാബ വജ്രവ്യാപാരി ആയിരുന്നു. മുത്തുകൾ കൊണ്ട് എങ്ങനെയാണ് മാല ഉണ്ടാക്കുന്നത് എന്നതിന്റെ അനുഭവിയാണ്. അവസാനമാണ് ബ്രാഹ്മണരുടെ മാല ഉണ്ടാക്കുക. നമ്മൾ ബ്രാഹ്മണർ തന്നെയാണ് ദിവ്യ ഗുണങ്ങളുടെ ധാരണ ചെയ്ത് ദേവതകളാകുന്നത്. പിന്നെയും ഏണിപ്പടി ഇറങ്ങണം. ഇല്ലെങ്കിൽ 84 ജന്മങ്ങൾ എങ്ങനെയാണ് എടുക്കുക. 84 ജന്മങ്ങളുടെ കണക്കിൽ നിന്നും ഇത് കണ്ടു പിടിക്കാൻ പറ്റും. എപ്പോഴാണോ ചക്രത്തിൽ നിങ്ങൾ പകുതി സമയം ജീവിച്ചു കഴിയുന്നത് അപ്പോഴാണ് മറ്റു ധർമ്മങ്ങൾ വന്ന് ചേരുന്നത്. മാല ഉണ്ടാക്കാൻ വളരെ പരിശ്രമമുണ്ട്. വളരെ ശ്രദ്ധയോടെ മുത്തുകളെയെല്ലാം ടേബിളിൽ അടുക്കി വെക്കണം അത് ഇളകാതെ ശ്രദ്ധിക്കുകയും വേണം പിന്നെ സൂചി കൊണ്ട് അതിനെ കൂട്ടിച്ചേർക്കണം.

അഥവാ ശരിയായിട്ടില്ലെങ്കിൽ മാല പൊട്ടിക്കേണ്ടി വരും. ഇതാണെങ്കിൽ വളരെ വലിയ മാലയാണ്. നിങ്ങൾ കുട്ടികൾക്കറിയാം നിങ്ങൾ പുതിയ ലോകത്തിലേക്ക് വേണ്ടിയാണ് പഠിക്കുന്നത്. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് – നമ്മൾ എങ്ങനെയാണ് ശൂദ്രനിൽ നിന്നും ബ്രാഹ്മണനാകുന്നത്, ബ്രാഹ്മണനിൽ നിന്നും ദേവതയാകുന്നത്, വരൂ മനസ്സിലാക്കൂ എന്നെല്ലാം എഴുതിയ സ്ലോഗൻ ഉണ്ടാക്കണം. ഈ ചക്രത്തെ അറിയുന്നതിലൂടെ നിങ്ങൾ ചക്രവർത്തി രാജാവാകും. സ്വർഗ്ഗത്തിന്റെ അധികാരിയാകും. ഇങ്ങനെയുള്ള സ്ലോഗൻ ഉണ്ടാക്കി കുട്ടികൾക്ക് പഠിപ്പിച്ചു കൊടുക്കൂ. ബാബ എത്ര യുക്തികളാണ് കുട്ടികൾക്ക് പറഞ്ഞു തരുന്നത്. വാസ്തവത്തിൽ മൂല്യം നിങ്ങൾക്കാണ്. നിങ്ങൾക്കാണ് ഹീറോ ഹീറോയിന്റെ പാർട്ട് കിട്ടുന്നത്. വജ്ര സമാനമാകുന്നതും നിങ്ങളാണ് പിന്നീട് 84 ജന്മങ്ങളുടെ ചക്രം കറങ്ങി കക്കക്കു സമാനവുമാകും. ഇപ്പോൾ നിങ്ങൾക്ക് വജ്രസമാനമായ ജന്മം കിട്ടുന്നുണ്ടെങ്കിൽ കക്കക്കു പിന്നിൽ എന്തിനാണ് പോകുന്നത്. അതിന്റെ അർത്ഥം വീട് ഉപേക്ഷിക്കണം എന്നും അല്ലല്ലോ. ബാബ പറയുന്നത് ഇവിടെ ഗൃഹസ്ഥ വ്യവഹാരത്തിൽ കമല പുഷ്പത്തെ പോലെ പവിത്രമായി ജീവിക്കണം അതോടൊപ്പം സൃഷ്ടി ചക്രത്തിന്റെ ജ്ഞാനത്തെ മനസ്സിലാക്കി ദൈവീക ഗുണങ്ങളെയും ധാരണ ചെയ്യൂ എങ്കിൽ നിങ്ങൾക്ക് വജ്ര സമാനമാകാം. തീർച്ചയായും 5000 വർഷങ്ങൾക്ക് മുമ്പ് ഭാരതം വജ്രസമാനമായിരുന്നു. ഇതാണ് ലക്ഷ്യം. ലക്ഷ്മി നാരായണന്റെ ചിത്രത്തിന് വളരെ മഹത്വമുണ്ട്. പ്രദർശിനി, മ്യൂസിയങ്ങളിൽ നിങ്ങൾ കുട്ടികൾ വളരെ സേവനം ചെയ്യണം. തീവ്രഗതിയിലുള്ള സേവനം ചെയ്തിട്ടില്ലെങ്കിൽ നിങ്ങൾ പ്രജകളെ എങ്ങനെയാണ് ഉണ്ടാക്കുക? ജ്ഞാനമെല്ലാം കേൾക്കുന്നുണ്ട് പക്ഷെ വിരളം ചിലരേ ഉയർന്ന പദവി പ്രാപ്തമാക്കുന്നുള്ളു. അവരെക്കുറിച്ചാണ് കോടിയിൽ ചിലർ എന്ന് പറയുന്നത്. സ്കോളർഷിപ്പും ചിലർക്കല്ലേ കിട്ടുക. സ്കൂളിൽ 40–50 കുട്ടികളുണ്ടെങ്കിൽ അതിൽ ഒരാളല്ലേ സ്കോളർഷിപ്പ് നേടുക, വേറെ ഏതെങ്കിലും കുട്ടിക്കും കൂടി കൂടുതൽ മാർക്ക് ഉണ്ടെങ്കിൽ അവർക്കും കൊടുക്കാറുണ്ട്. ഇതും അങ്ങനെ തന്നെയാണ്. പ്ലസ്സ് വാങ്ങിക്കുന്നവർ ധാരാളമുണ്ട്. 8 മുത്തുകളിലും നമ്പർവാറല്ലേ. അവരാണ് ആദ്യമാദ്യം രാജ്യസിംഹാസനത്തിൽ ഇരിക്കുക. പിന്നീട് കല കുറഞ്ഞ് വരും, നമ്പർ വൺ ചിത്രം ലക്ഷ്മി നാരായണന്റേതാണ്. അവരുടെ രാജധാനിയുണ്ടാകും പക്ഷെ ലക്ഷ്മി നാരായണന്റെ ചിത്രമായിരിക്കും കാണിക്കുക. നിങ്ങൾക്കറിയാം ഇവിടെയാണെങ്കിൽ ചിത്രങ്ങൾ മാറിക്കൊണ്ടിരിക്കും. ചിത്രത്തിലൂടെയും എന്താണ് പ്രയോജനം? നാമവും രൂപവും ദേശവും കാലവുമെല്ലാം മാറും.

മധുരമധുരമായ ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛൻ മനസ്സിലാക്കി തരുകയാണ്. കല്പം മുമ്പും ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്. കൃഷ്ണൻ ഗോപ ഗോപികമാർക്ക് കേൾപ്പിച്ചു എന്നതൊന്നുമല്ല. കൃഷ്ണന്റെ ഗോപ ഗോപികമാരൊന്നുമില്ലല്ലോ. അവർക്ക് ജ്ഞാനം പഠിപ്പിച്ചു കൊടുക്കാനും സാധിക്കില്ല. കൃഷ്ണൻ സത്യയുഗത്തിലെ രാജകുമാരനാണ്. അവിടെ എങ്ങനെ രാജയോഗം പഠിപ്പിക്കാനും, പതിതത്തിൽ നിന്നും പാവനമാക്കാനും സാധിക്കും. ഇപ്പോൾ നിങ്ങൾ ബാബയെ ഓർമ്മിക്കൂ. ബാബ അധ്യാപകനുമാണ്. അധ്യാപകനെ വിദ്യാർത്ഥി ഒരിക്കലും മറക്കില്ലല്ലോ. കുട്ടിക്ക് തന്റെ അച്ഛനെയും ഗുരുവിനെയും ഓർമ്മയുണ്ടാകും, മറക്കാൻ സാധിക്കില്ല. ജനിച്ചതു മുതൽ അച്ഛൻ ഉണ്ടല്ലോ. 5 വർഷം കഴിയുമ്പോൾ അധ്യാപകനെയും കിട്ടും. പിന്നെ വാനപ്രസ്ഥത്തിൽ ഗുരുവിനെയും കിട്ടും. ജനിച്ചതു മുതൽ ഗുരുക്കൻമാരുടെ കൂടെ പോകുന്നതിൽ പ്രയോജനമൊന്നുമില്ല. ഗുരുവിനെ സ്വീകരിച്ചതിന്റെ അടുത്ത ദിവസം മരിക്കുന്നവരും ഉണ്ട്. ഇപ്പോൾ ഗുരു എന്താണ് ചെയ്യുന്നത്? പാടാറുണ്ട് ഗതി സദ്ഗുരുവിലൂടെ മാത്രമെ കിട്ടുകയുള്ളു. സദ്ഗുരുവിനെ ഉപേക്ഷിച്ച് അവർ ഗുരുക്കൻമാരുടെ അടുത്താണ് പോകുന്നത്. ധാരാളം ഗുരുക്കൻമാരുണ്ട്.ബാബ പറയുകയാണ് കുട്ടികളേ, നിങ്ങൾക്ക് ഒരു മനുഷ്യ ഗുരുക്കൻമാരുടെയും ആവശ്യമില്ല, ആരോടും ഒന്നും യാചിക്കേണ്ടതില്ല. പറയാറുണ്ട്– യാചിക്കുന്നതിനേക്കാൾ ഭേദം മരിക്കുന്നതാണ്. എങ്ങനെ സ്വന്തം ധനത്തെ ട്രാൻസ്ഫർ ആക്കാം എന്ന ചിന്തയാണ് എല്ലാവർക്കും. അടുത്ത ജന്മത്തേക്ക് ഈശ്വരാർത്ഥം ദാന പുണ്യം ചെയ്യുന്നതിലൂടെ അല്പകാലത്തേക്ക് പഴയ സൃഷ്ടിയിൽ അവർക്ക് അത് തിരിച്ച് കിട്ടും. നിങ്ങൾ പുതിയ ലോകത്തിലെ 21 ജന്മങ്ങളിലേക്കാണ് ട്രാൻസ്ഫർ ആകുന്നത്. ശരീരം, മനസ്സ്, ധനത്തെ പ്രഭുവിനു മുന്നിൽ അർപ്പിക്കണം. അതും അപ്പോഴെ കഴിയൂ എപ്പോഴാണോ പ്രഭു വരുന്നത് . പ്രഭുവിനെ ആർക്കും അറിയാത്തതുകൊണ്ടാണ് ഗുരുക്കൻമാരുടെ കൂടെ പോകുന്നത്. ധനമെല്ലാം ഗുരുവിന്റെ മുന്നിൽ അർപ്പിക്കാറുണ്ട്. അവകാശികൾ ഇല്ലെങ്കിൽ ഗുരുക്കൻമാർക്ക് കൊടുക്കും. ഇന്നുകാലത്ത് നിയമമനുസരിച്ച് ആരും ഈശ്വരാർപ്പണവും ചെയ്യുന്നില്ല. ബാബ മനസ്സിലാക്കി തരികയാണ് – ഞാൻ ദരിദ്രരുടെ നാഥനാണ് , ഞാൻ വരുന്നതും ഭാരതത്തിലാണ്. ഞാൻ വന്ന് നിങ്ങളെ വിശ്വത്തിന്റെ അധികാരികളാക്കി മാറ്റുകയാണ്. നേരിട്ട് കൊടുക്കുന്നതും അല്ലാതെ കൊടുക്കുന്നതും തമ്മിൽ എത്ര വ്യത്യാസമുണ്ട്. അവർക്ക് ഇതൊന്നുമറിയില്ല. ഈശ്വരാർപ്പണം ചെയ്യുന്നു എന്ന് മാത്രം പറയും. എന്നാൽ അവിവേകികളാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് വിവേകം ലഭിക്കുകയാണ് അതിനാൽ അവിവേകികളിൽ നിന്നും വിവേകികളാവുകയാണ്. ബുദ്ധിയിൽ ജ്ഞാനമുണ്ട്– ബാബ അത്ഭുതങ്ങളാണ് ചെയ്യുന്നത്. തീർച്ചയായും പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്ത

സമ്പത്താണല്ലോ കിട്ടുക. ദാദയിലൂടെയാണ് അച്ഛന്റെ സമ്പത്ത് കിട്ടുന്നത്. ദാദയും അച്ഛനിൽ നിന്ന് സമ്പത്ത് എടുത്തു കൊണ്ടിരിക്കുകയാണ്. സമ്പത്ത് തരുന്നത് ഒരാളാണ്. ആ ഒരാളെ തന്നെ ഓർമ്മിക്കൂ. ബാബ പറയുകയാണ് – കുട്ടികളെ, ഞാൻ ഇദ്ദേഹത്തിന്റെ അനേകം ജന്മങ്ങളുടെ അന്തിമത്തിലാണ് വരുന്നത്, അദ്ദേഹത്തെയും പാവനമാക്കി മാറ്റി ഫരിസ്തയാക്കുന്നു. ബാഡ്ജ് ഉപയോഗിച്ച് നിങ്ങൾക്ക് ധാരാളം സേവനങ്ങൾ ചെയ്യാൻ സാധിക്കും. നിങ്ങളുടെ ബാഡ്ജ് പോലും അർത്ഥസഹിതമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇതിൽ പ്രാണദാനം കൊടുക്കുന്ന ചിത്രമാണ് ഉള്ളത്. ഇതിന്റെ വില ആർക്കും അറിയില്ല. ബാബക്ക് എപ്പോഴും വലിയ വസ്തുക്കളോടാണ് ഇഷ്ടം, കാരണം അതാണ് മനുഷ്യർക്ക് ദൂരെ നിന്ന് പോലും വായിക്കാൻ സാധിക്കുക. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം–

1) ബാബയിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് നേടുന്നതിന് വേണ്ടി നേരിട്ട് തന്റെ ശരീരം, മനസ്സ്, ധനത്തെ ഈശ്വരനു മുന്നിൽ അർപ്പിക്കുന്നതിൽ വിവേകശാലികളാകണം. തന്റേതെല്ലാം 21 ജന്മങ്ങളിലേക്ക് ട്രാൻസ്ഫർ ചെയ്യണം.

2) ഏതുപോലെയാണോ ബാബ പഠിപ്പിക്കുന്നതിന്റെയും സംരക്ഷിക്കുന്നതിന്റെയും അലങ്കരിക്കുന്നതിന്റെയും സേവനം ചെയ്യുന്നത്, അതുപോലെ ബാബക്കു സമാനം സേവനം ചെയ്യണം. ജീവൻബന്ധനത്തിൽ നിന്നും വിടുവിച്ച് എല്ലാവരെയും ജീവൻ മുക്തിയിലേക്ക് കൊണ്ടു പോകണം.

## വരദാനം: – ജ്ഞാനത്തിന്റെ കലശം ധാരണ ചെയ്ത് ദാഹിക്കുന്നവരുടെ ദാഹം ശമിപ്പിക്കുന്ന അമൃത കലശധാരിയായി ഭവിക്കട്ടെ.

ഇപ്പോൾ ഭൂരിഭാഗം ആത്മാക്കളും അല്പകാലത്തിന്റെ സാധങ്ങളോടും, ആത്മീയ ശക്തി പ്രാപ്തമാക്കുന്നതിനുമുള്ള അല്പജ്ഞ സ്ഥാനങ്ങളോടും, പരമാത്മ മിലനം ചെയ്യിപ്പിക്കുന്ന ദല്ലാൾമാരാൽ, തളർന്നു പോയി, നിരാശരായി മാറി, സത്യം വേറൊന്നാണെന്ന് മനസിലാക്കുന്നുണ്ട്, പ്രാപ്തിക്ക് വേണ്ടി ദാഹിക്കുന്നവരാണ്. അങ്ങനെ ദാഹിക്കുന്ന ആത്മാക്കളെ, ആത്മീയ പരിചയവും, പരമാത്മ പരിചയത്തിന്റെയും യഥാർത്ഥ തുള്ളികൾ പോലും തൃപ്തരാക്കും, അതിനാൽ ജ്ഞാനത്തിന്റെ കലശം ധാരണ ചെയ്ത് ദാഹിക്കുന്നവരുടെ ദാഹം ശമിപ്പിക്കൂ. അമൃത കലശം സദാ കൂടെ വേണം. അമരനാകുകയും അമരന്മാരാക്കുകയും ചെയ്യൂ.

## സ്ലോഗൻ: – അഡ്ജസ്റ്റ് ആകുന്നതിന്റെ കല ലക്ഷ്യമാക്കിയാൽ സഹജമായി സമ്പൂർണ്ണമാകും.

**അവ്യക്ത സൂചന– അശരീരിയുടെയും വിദേഹി സ്ഥിതിയുടെയും അഭ്യാസം വർധിപ്പിക്കൂ.**
അശരീരിയാകുന്നതിനായി ഭാണ്ഡം മുറുക്കുന്നതിനുള്ള ശക്തി വളരെ ആവശ്യമായതാണ്. തന്റെ ദേഹാഭിമാനത്തിന്റെ സങ്കല്പങ്ങളെ, ദേഹത്തിന്റെ ലോകത്തിന്റെ സാഹചര്യങ്ങളുടെ സങ്കല്പങ്ങളുടെയും ഭാണ്ഡം മുറുക്കണം. വീട്ടിലേക്ക് പോകുന്നതിനുള്ള സങ്കല്പമല്ലാതെ, മറ്റ് ഒരു സങ്കല്പത്തിന്റെയും വിസ്താരം ഉണ്ടാകരുത് ഈ സങ്കല്പം മാത്രമായിരിക്കണം ഇപ്പോൾ നമ്മുടെ വീട്ടിലേക്ക് പോയി കഴിഞ്ഞു അനുഭവം ചെയ്യണം ആത്മാവാകുന്ന ഞാൻ ഈ ആകാശ തത്വത്തിനേക്കാളും മുകളിലേക്ക് പറന്ന് പോകുകയാണ്, ഇതിനുവേണ്ടി ഇപ്പോൾ മുതൽ തന്നെ അകാല സിംഹാസനസ്ഥരായിരിക്കുന്നതിന്റെ അഭ്യാസം വർധിപ്പിക്കൂ.